# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഓഗസ്റ്റ്2<br>Augest2 | 2020 |
|---|---|

**1195കർക്കടകം18ഞായർ**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

---

**പോസ്റ്റ് ഓഫീസുകളിൽ നിന്നുംസ്വർണബോ ുകൾ**

റിസർവ് ബാങ്ക് ഈ വർഷം പുറത്തിറക്കുന്ന സ്വർണബോ ുകൾഓഗസ്റ്റ്മൂന്നുമുതൽ ഏഴുവരെതിരുവല്ലഡിവിഷന്റെകീഴിലുള്ളഎല്ലാ പോസ്റ്റ് ഓഫീസുകളിൽ നിന്നുംവാങ്ങാം. എട്ടുവർഷമാണ്കാലാവധി. കാലാവധിക്ക്ശേഷം അന്നത്തെ തങ്കവിലയ്ക്ക്ബോ ് ക്ലോസ്ചെയ്യാം. അത്കൂടാതെ 2.5 ശതമാനം പലിശയുംലഭിക്കും.

വ്യക്തികൾക്ക്കുറഞ്ഞത്ഒരു ഗ്രാംമുതൽ പരമാവധി നാലുകിലോവരെയും ട്രസ്റ്റുകൾക്ക് 20 കിലോവരെയും ഉള്ള തുകയ്ക്ക്ബോ ുകൾവാങ്ങാം. ഇത്സ്വർണ്ണം പോലെതന്നെ ബാങ്കുകളിൽഈട് നൽകാനും, അഞ്ചുവർഷംകഴിഞ്ഞാൽവിൽപന നടത്താനും സാധിക്കും. കൂടുതൽവിവരങ്ങൾക്ക്: 9447595669. (പിഎൻപി 3215/20)



# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഓഗസ്റ്റ്2<br>Augest2 | 2020 |
|---|---|

**1195കർക്കടകം18ഞായർ**

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**സ്വാതന്ത്ര്യദിനാഘോഷം: യോഗം ഇന്ന് (3)**

ഭാരതത്തിന്റെ 74-ാം സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് കോവിഡ് 19ന്റെ പശ്ചാത്തലത്തിൽജില്ലയിൽഏർപ്പെടുത്തേ ക്രമീകരണങ്ങളെക്കുറിച്ച്തീരുമാനിക്കുന്നതിന് ഇന്ന് (ഓഗസ്റ്റ്മൂന്ന്) രാവിലെ 11.30ന് ജില്ലാകളക്ടറുടെ അധ്യക്ഷതയിൽകളക്ടറേറ്റിൽയോഗംചേരും.

(പിഎൻപി 3216/20)

**റാന്നിബ്ലോക്ക് പഞ്ചായത്തിന്റെ പുതിയകെട്ടിടംഉദ്ഘാടനം**
**ഇന്ന് (ഓഗസ്റ്റ്മൂന്ന്) മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും**

റാന്നിബ്ലോക്ക് പഞ്ചായത്തിന്റെ പുതിയകെട്ടിടത്തിന്റെഉദ്ഘാടനം ഇന്ന് (ഓഗസ്റ്റ്മൂന്ന്) ഉച്ചകഴിഞ്ഞ്മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 3.15 കോടിരൂപ ചെലവഴിച്ചാണ് 9650 ചതുരശ്ര അടിവിസ്തീർണമുള്ളമൂന്നു നില കെട്ടിടം നിർമിച്ചിരിക്കുന്നത്. ഹാബിറ്റാറ്റ് കമ്പനിക്കായിരുന്നു നിർമാണച്ചുമതല.

താഴത്തെ ര ു നിലകളിലായിബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവരുടെ ക്യാബിൻ ബ്ലോക്ക് പഞ്ചായത്ത്ഓഫീസ്, മഹാത്മാഗാന്ധിദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ഓഫീസ്എന്നിവയുംമൂന്നാമത്തെ നിലയിൽ 250 പേർക്കിരിക്കാവുന്ന കോൺഫറൻസ് ഹാളുംസജ്ജീകരിച്ചിട്ടു ്. ഇതോടെ നിലവിൽവാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസ്, പട്ടികജാതിവികസന ഓഫീസ്, ഐസിഡിഎസ്ഓഫീസ്എന്നിവ പഴയകെട്ടിടത്തിലേക്ക്മാറ്റി പ്രവർത്തിപ്പിക്കാനാകും.

വീഡിയോകോൺഫറൻസ് വഴിയാണ്മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കുകയെന്ന്ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്ഗിരിജ മധു പറഞ്ഞു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ.സി. മൊയ്തീൻ അധ്യക്ഷനാകും. (പിഎൻപി 3217/20)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**പത്തനംതിട്ട ജില്ല**
**കോവിഡ്19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 02.08.2020**

**..........................................................................**

പത്തനംതിട്ട ജില്ലയിൽ ഇന്ന്(2) 25 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ അഞ്ചു പേർ വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവരും, ര   ു പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരും, 18 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്.

വിദേശത്തുനിന്ന് വന്നവർ
1) സൗദിയിൽ നിന്നും എത്തിയ അടിച്ചിപ്പുഴ സ്വദേശിനിയായ 42 വയസുകാരി.
2) ദുബായിൽ നിന്നും എത്തിയ ഐത്തല സ്വദേശിയായ 30 വയസുകാരൻ.
3) ദുബായിൽ നിന്നും എത്തിയ തുമ്പമൺ സ്വദേശിയായ 33 വയസുകാരൻ.
4) അബുദാബിയിൽ നിന്നും എത്തിയ നിരണം നോർത്ത് സ്വദേശിയായ 49 വയസുകാരൻ.
5) ദുബായിൽ നിന്നും എത്തിയ കോഴിമല സ്വദേശിയായ 31 വയസുകാരൻ.

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നവർ
6) പശ്ചിമബംഗാളിൽ നിന്നും എത്തിയ നെല്ലിയ്ക്കാമൺ സ്വദേശിയായ 26 വയസുകാരൻ.
7) ബാംഗ്ലൂരിൽ നിന്നും എത്തിയ കാവുംഭാഗം സ്വദേശിയായ 30 വയസുകാരൻ.

സമ്പർക്കം മുഖേന രോഗം ബാധിച്ചവർ
8) മെഴുവേലി സ്വദേശിനിയായ 45 വയസുകാരി. കിടങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകയാണ്. മുൻപ് രോഗബാധിതനായി മരണമടഞ്ഞ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
9) ഉള്ളന്നൂർ സ്വദേശിയായ 58 വയസുകാരൻ. അടൂർ ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.

10) അയിരൂർ സ്വദേശിനിയായ 39 വയസുകാരി. കുമ്പനാട് സ്വകാര്യ ആശുപത്രിയിലെ ആരോഗ്യപ്രവർത്തകയാണ്. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
11) മൈലപ്ര സ്വദേശിയായ 56 വയസുകാരൻ. കുമ്പഴ ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
12) തിരുവല്ല സ്വദേശിയായ 18 വയസുകാരൻ. കുറ്റപ്പുഴ ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
13) മുട്ടാർ സ്വദേശിയായ 54 വയസുകാരൻ. പാസ്റ്റർ ആണ്. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.
14) കാരയ്ക്കൽ സ്വദേശിയായ 23 വയസുകാരൻ. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ വ്യക്തിയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.
15) ആറന്മുള സ്വദേശിയായ 46 വയസുകാരൻ. സമ്പർക്ക പശ്ചാത്തലം വ്യക്തമല്ല.
16) ആറന്മുള സ്വദേശിനിയായ 43 വയസുകാരി. രോഗബാധിതനായ വ്യക്തിയുടെ ഭാര്യയാണ്.
17) ആഞ്ഞിലിത്താനം സ്വദേശിനിയായ 60 വയസുകാരി. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.
18) ആഞ്ഞിലിത്താനം സ്വദേശിയായ 65 വയസുകാരൻ. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.
19) ആഞ്ഞിലിത്താനം സ്വദേശിനിയായ 11 വയസുകാരി. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.
20) ആഞ്ഞിലിത്താനം സ്വദേശിനിയായ 15 വയസുകാരി. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.
21) ആഞ്ഞിലിത്താനം സ്വദേശിനിയായ 16 വയസുകാരി. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.
22) ആഞ്ഞിലിത്താനം സ്വദേശിനിയായ 40 വയസുകാരി. ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.
23) ആഞ്ഞിലിത്താനം സ്വദേശിനിയായ 62 വയസുകാരി.

ചങ്ങനാശേരി ക്ലസ്റ്ററിൽ നിന്നും രോഗബാധിതനായ മത്സ്യ വ്യാപാരിയുടെ കുടുംബാംഗം.

24) മല്ലപ്പള്ളി സ്വദേശിനിയായ 30 വയസുകാരി. മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ ആരോഗ്യപ്രവർത്തകയാണ്. മുൻപ് രോഗബാധിതയായ ആരോഗ്യപ്രവർത്തകയുടെ സമ്പർക്കപ്പട്ടികയിൽ ഉള്ളതാണ്.

25) കോട്ടാങ്ങൽ സ്വദേശിയായ 17 വയസുകാരൻ. കോട്ടാങ്ങൽ ക്ലസ്റ്ററിൽ നിന്നും രോഗം സ്ഥിരീകരിച്ചു.

ജില്ലയിൽ ഇതുവരെ ആകെ 1557 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 691 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്. കോവിഡ്-19 മൂലം ജില്ലയിൽ ഇതുവരെ ര ു പേർ മരണമടഞ്ഞു. ജില്ലയിൽ ഇന്ന് 19 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 1080 ആണ്. പത്തനംതിട്ട ജില്ലക്കാരായ 475 പേർ രോഗികളായിട്ടു ്. ഇതിൽ 466 പേർ ജില്ലയിലും, ഒൻപതു പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 102 പേരും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 98 പേരും, അടൂർ ജനറൽ ആശുപത്രിയിൽ നാലു പേരും, റാന്നി മേനാംതോട്ടം സിഎഫ്എൽടിസിയിൽ 69 പേരും, പന്തളം അർച്ചന സിഎഫ്എൽടിസിയിൽ 40 പേരും, ഇരവിപേരൂർ സിഎഫ്എൽടിസിയിൽ 13 പേരും, കോഴഞ്ചേരി മുത്തൂറ്റ് നഴ്സിംഗ് കോളജ് സിഎഫ്എൽടിസിയിൽ 149 പേരും ഐസൊലേഷനിൽ ഉ ്.

സ്വകാര്യ ആശുപത്രികളിൽ 17 പേർ ഐസൊലേഷനിൽ ഉ ്.

ജില്ലയിൽ ആകെ 492 പേർ വിവിധ ആശുപത്രികളിൽ ഐസോലേഷനിൽ ആണ്. ഇന്ന് പുതിയതായി 30 പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

ജില്ലയിൽ 3833 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 1190 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 1559 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 106 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 122 പേരും ഇതിൽ ഉൾപ്പെടുന്നു. ആകെ 6582 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച

സാമ്പിളുകൾ
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:
1 ദൈനംദിന പരിശോധന (ആർറ്റിപിസിആർ) 37539, 204, 37743.
2 ട്രൂനാറ്റ് പരിശോധന 834, 0, 834.
3 റാപ്പിഡ് ആന്റിജൻ പരിശോധന 2613, 0, 2613.
4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
ആകെ ശേഖരിച്ച സാമ്പിളുകൾ 41471, 204, 41675.
1375 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 59 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 104 കോളുകളും ലഭിച്ചു.
ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 1130 കോളുകൾ നടത്തുകയും, 12 പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. ഇന്ന് നടന്ന പരിശീലന പരിപാടിയുടെ ഭാഗമായി 36 ഫാർമസിസ്റ്റുകൾക്ക് സിഎഫ്എൽടിസി മാനേജ്മെന്റ് പരിശീലനം വീഡിയോ കോൺഫറൻസ് വഴി നൽകി. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി.